**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1344** **30-08-2022 - ൽ മറുപടിയ്ക്ക്**

**പിന്നോക്ക മേഖലകളിലെ കുട്ടികളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പാർശ്വവത്കൃത / പിന്നോക്ക മേഖലകളിൽ നിന്നുള്ള കുട്ടികളുടെ സാംസ്കാരിക പശ്ചാത്തലം ഉയർത്തുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പാർശ്വവത്കൃത/പിന്നോക്ക മേഖലകളിൽ നിന്നുള്ള കുട്ടികളുടെ സാംസ്കാരിക പശ്ചാത്തലം ഉയർത്തുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുമായി സമഗ്ര ശിക്ഷാ കേരളം വിവിധ പരിപാടികൾ<br><br>നടപ്പിലാക്കുന്നു.<br><br>1.പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ (LRC)<br><br>2. അവധി ദിവസങ്ങളിലും സ്കൂൾ കഴിഞ്ഞുള്ള ദിവസങ്ങളിലും വിദ്യാ വോളന്റിയർമാരുടെ നേതൃത്വത്തിൽ അക്കാദമിക പ്രവർത്തന ങ്ങൾ നടത്തുന്നു. വിദ്യാ വോളന്റിയർമാർക്ക് പ്രതിമാസ വേതനം സമഗ്ര ശിക്ഷ കേരളം നൽകി വരുന്നു. സമഗ്ര ശിക്ഷ കേരളത്തിന്റെ നേതൃത്വത്തിൽ 2021-22 വരെ 698 പ്രതിഭാകേന്ദ്രങ്ങൾ ഉണ്ടായിരുന്നു.നിലവിൽ 720 പ്രാദേശിക പ്രതിഭാകേന്ദ്രങ്ങളായി വർദ്ധിച്ചിട്ടുണ്ട്.LRCകളിൽകലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്.<br><br>3. <u>ഊരുവിദ്യാകേന്ദ്രം</u><br><br>പ്രസ്തുത കേന്ദ്രങ്ങളിൽ നിയമിച്ചിട്ടുള്ള വിദ്യാ വോളന്റിയർമാരുടെ നേതൃത്വത്തിൽ സ്കൂളുകളിലെ ഹാജർ ഉറപ്പുവരുത്തുന്നു. കഴിഞ്ഞ വർഷം വരെ 48 ഉം ഈ വർഷം 60ഊരു വിദ്യാകേന്ദ്രങ്ങളാണ്നിലവിലുള്ളത്<br><br>4.<u>നാട്ടരങ്ങ്</u><br><br>ആദിവാസി, മലയോര തീരദേശ മേഖലകളിലെ കുട്ടികളുടെ അവസ്ഥാ പഠനം നടത്തുകയും അത്തരത്തിൽ കണ്ടെത്തുന്ന കുട്ടികളെ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി 5 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. അക്കാദമിക പ്രവർത്തനങ്ങളുടെ സഹായത്തോടെ തുടർപിന്തുണ പ്രവർത്തങ്ങൾ സംഘടിപ്പിക്കുന്നു.<br><br>5.പ്രവേശന പരീക്ഷകളിൽ മികവ് തെളിയിക്കുന്നതിന് പ്രത്യേക പരിശീലന പദ്ധതി നടപ്പിലാക്കുന്നു.<br><br>6.ഈ മേഖലയിലെ കുട്ടികൾക്ക് പ്രത്യേകം ആരോഗ്യ മാനസിക വിദ്യാഭ്യാസ പരിപാടി, അതിജീവനം പരിപാടി എന്നിവ സംഘടിപ്പിച്ചു.<br><br>ഹയർ സെക്കന്ററി വിഭാഗത്തിൽ പാർശ്വവത്കൃത/പിന്നോക്ക മേഖലകളിൽ നിന്നു പ്ലസ് വൺ അഡ്മിഷന് അപേക്ഷിച്ചിട്ടുള്ള മുഴുവൻ കുട്ടികൾക്കും പഠന സൗകര്യം ഉറപ്പു വരുത്തുന്നുണ്ട്. |
| (ബി) | ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിൽ നിന്നും വരുന്ന കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിൽ നിന്നും 20 സ്കൂളുകൾ തെരഞ്ഞെടുക്കുകയും പ്രസ്തുത സ്കൂളുകളിലെ കുട്ടികൾക്കുള്ള പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. 2022-23 വർഷത്തേയ്ക്കുള്ള 400 ലക്ഷം രൂപ ഇതിനായി വകയിരുത്തിട്ടുണ്ട്. പാർശ്വവത്കൃത സമൂഹങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന നിലവാരവും സാഹചര്യങ്ങളും നൽകി കൊണ്ട് സ്കൂളുകളിൽ അവരുടെ നിലനിർത്തൽ ഉറപ്പാക്കുകയും, വിദ്യാർത്ഥികളെ പിന്തുണയ്ക്കുകയു ചെയ്യുക എന്നതാണ് പദ്ധതി<br><br>യുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ